**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 325** **07-10-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** |
| (എ) ലൈഫ് പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിലെ ഭൂരഹിത ഭവനരഹിത ഗുണഭേക്താക്കളുടെ എണ്ണം, പ്രസ്തുത പദ്ധതി ആരംഭിച്ചത് മുതൽ എത്രയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) ആലത്തൂർ മണ്ഡലത്തിലെ ലൈഫ് മാനദണ്ഡപ്രകാരം അർഹരായി കണ്ടെത്തിയ ഭൂരഹിത ഭവനരഹിത ഗുണഭേക്താക്കളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |

| തദ്ദേശ സ്വയം ഭരണ സ്ഥാപനം | ഭൂരഹിത ഭവന രഹിത ഗുണ ഭേക്താക്കളുടെ എണ്ണം |
|---|---|
| ആലത്തൂർ | 250 |
| എരിമയൂർ | 370 |
| കിഴക്കഞ്ചേരി | 489 |
| കുഴൽമന്ദം | 390 |
| തേങ്കുറിശ്ശി | 405 |
| മേലാർകോട് | 305 |
| വണ്ടാഴി | 241 |
| **ആകെ** | **2450** |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) പ്രസ്തുത പദ്ധതി പ്രകാരം ഭവനം ലഭിച്ചവർ, എഗ്രിമെന്റ് വച്ചവർ , ഭവനം ലഭ്യമാക്കേണ്ടവർ, സ്ഥലം വാങ്ങാൻ തുക സ്വരൂപിക്കാൻ സാധിക്കാത്തതിനാൽ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാത്തവർ എന്നിവരുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (ബി) അനുബന്ധമായി ചേർക്കുന്നു. |
| (സി) പ്രസ്തുത പദ്ധതി പ്രകാരം ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും സ്ഥലം വാങ്ങാൻ തുക സ്വരൂപിക്കാൻ സാധിക്കാത്ത ഗുണഭേക്താക്കളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഇവർക്ക് വീട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; മറ്റ് | (സി) ഉണ്ട്. ലൈഫ് ഭൂരഹിത ഭവനരഹിത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ ഗുണഭോക്താക്കൾക്ക് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും, |

| | | | |
|---|---|---|---|
| | സ്ഥലങ്ങളിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നതും, പൂർത്തിയായിട്ടുള്ളതുമായ ഫ്ലാറ്റുകളിൽ ഇവർക്ക് വീട് ലഭ്യമാക്കുവാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ? | | പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പുകൾ മുഖേനയും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>ഭൂരഹിതരായ പട്ടികജാതി/ പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ ലിസ്റ്റ് പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ പ്രകാരം ലഭിക്കുന്ന ഭൂമി ഭൂരഹിത ഭവനരഹിതർക്ക് വീതിച്ച് നൽകിയും ഭൂരഹിതരുടെ പുനരധിവാസം ഉറപ്പാക്കുന്നുണ്ട്.<br><br>ഇതിനുപുറമെ പാലക്കാട് ജില്ലയിൽ ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി, കണ്ണാടി ഗ്രാമപ ഞ്ചായത്ത് എന്നിവിട ങ്ങളിലായി 2 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. ആയതിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭൂരഹിതരായ ഗുണഭോക്താക്കളോടൊപ്പം സമീപ പ്രദേശങ്ങളിലെ ഭൂരഹിത ഭവനരഹിതരേയും അർഹതമാനദ ണ്ഡങ്ങൾക്കനുസൃതമായി പരിഗണി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| തദ്ദേശ സ്വയംഭരണ സ്ഥാപനം | ലിസ്റ്റിൽ ഉൾപ്പെട്ടവർ | | | ഭവനനിർമ്മാണ ധനസഹായത്തിനായി എഗ്രിമെന്റ് വെച്ചവർ | | | ഭവനനിർമ്മാണം പൂർത്തീകരിച്ചവർ | | | അവശേഷിക്കുന്നവർ | |
|---|---|---|---|---|---|---|---|---|---|---|---|
| | ഭൂമിയുള്ള ഭവന രഹിതർ | ഭൂരഹിത ഭവന രഹിതർ | ആകെ | ഭൂമിയുള്ള ഭവന രഹിതർ | ഭൂരഹിത ഭവന രഹിതർ | ആകെ | ഭൂമിയുള്ള ഭവന രഹിതർ | ഭൂരഹിത ഭവന രഹിതർ | ആകെ | ഭൂമിയുള്ള ഭവന രഹിതരിൽ ഭവനം ലഭ്യമാകാൻ അവശേഷിക്കുന്നവർ | ഭൂരഹിത ഭവന രഹിതർ ഭൂമി വാങ്ങാൻ അവശേഷിക്കുന്നവർ |
| ആലത്തൂർ | 689 | 250 | 939 | 230 | 27 | 257 | 205 | 26 | 231 | 459 | 223 |
| എരിമയൂർ | 1398 | 370 | 1768 | 388 | 26 | 414 | 301 | 20 | 321 | 1010 | 344 |
| കിഴക്കഞ്ചേരി | 1157 | 489 | 1646 | 405 | 36 | 441 | 307 | 32 | 339 | 752 | 453 |
| കുഴൽമന്ദം | 901 | 390 | 1291 | 262 | 46 | 308 | 187 | 34 | 221 | 639 | 344 |
| തേങ്കുറിശ്ശി | 1314 | 405 | 1719 | 445 | 71 | 516 | 262 | 43 | 305 | 869 | 334 |
| മേലാർകോട് | 763 | 305 | 1068 | 361 | 39 | 400 | 188 | 13 | 201 | 402 | 266 |
| വണ്ടാഴി | 1075 | 241 | 1316 | 347 | 15 | 362 | 244 | 15 | 259 | 728 | 226 |
| **ആകെ** | **7297** | **2450** | **9747** | **2438** | **260** | **2698** | **1694** | **183** | **1877** | **4859** | **2190** |